# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെഡി20/471/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 31/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-21 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെഡി20/471/23 തീയ്യതി: 31/03/2023

## പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സന്തോഷ്.സി.എസ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.ബേബി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാലചന്ദ്രൻ. വി.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ദീപ. എം. കെ | സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ.ടി. ആർ. ഷാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2021 | 26-07-2021 |
| ശ്രീമതി അംബികദേവി കെ കെ | സെക്രട്ടറി | 27-07-2021 | 14-12-2021 |
| ശ്രീ. ടി.ആർ ഷാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-12-2021 | 26-12-2021 |
| ശ്രീ.അജിത്കുമാർ .എ.ആർ | സെക്രട്ടറി | 27-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.ആർ ഷാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.രൺദീപ്. കെ.ആർ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി. അശ്വതി.സി | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 28-10-2021 | 31-03-2022 |
| ശ്രീ. കാർത്തിക.പി.ആർ | വെറ്ററിനറി സർജൻ | 01-04-2021 | 10-05-2021 |
| ശ്രീ.പ്രമോദ്.എസ് | വെറ്ററിനറി സർജൻ | 11-05-2021 | 31-03-2022 |
| ശ്രീമതി. പ്രഭ.എ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.അമൽരാജ്.ടി.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലത. വി. പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 04-07-2021 |
| ശ്രീമതി.ദീപ്തി.ടി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-07-2021 | 31-03-2022 |
| ശ്രീ.സിദ്ദിഖ്. പി.വി | പ്രധാനാധ്യാപകൻ(ഇൻചാർജ്ജ്) | 01-04-2021 | 20-10-2021 |
| ശ്രീമതി.ഷംല.ടി.പി | പ്രധാനാധ്യാപിക | 21-10-2021 | 31-03-2022 |
| ഡോ.ഷബ്ന.ടി.എച്ച് | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.പവിത്രൻ. കെ.വി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.അനു.പി.പ്രഭ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 15-11-2021 |
| ശ്രീമതി.ജിഷ.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 16-11-2021 | 26-11-2021 |
| ശ്രീമതി.ഫാത്തിമ നാസർ | അസിസ്റ്റന്റ് എഞ്ചിനീയർ (Employment) | 27-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. സന്തോഷ് കുമാർ.കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-11 |
| 13 | കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ് | 1-12 |
| 14 | എം.എസ്.എം.ഇ കളുടെ ഡാറ്റ സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിക്കേണ്ടതാണ് | 1-13 |
| 15 | സങ്കേതം സോഫ്റ്റ്‌വെയറിലെ പെർമിറ്റ് വിവരം രേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-14 |
| 16 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-14-1 |
| 17 | സങ്കേതം സോഫ്റ്റ്‌വെയറിലെ പെർമിറ്റ് രജിസ്റ്ററിൽ വിവരം ലഭ്യമല്ല- പ്ലാനിലേയും പെർമിറ്റ് രജിസ്റ്ററിലേയും വിവരം പൊരുത്തപ്പെടുന്നില്ല | 1-14-2 |
| 18 | പ്ലാൻ, സങ്കേതം ഡാറ്റ, പെർമിറ്റ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-14-3 |
| 19 | സങ്കേതത്തിലെ ഡാറ്റയിൽ ആകെ തറ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-14-4 |
| 20 | തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ് കുറവു ചെയ്യേണ്ടതാണ് | 1-15 |
| 21 | പൊതുടാപ്പുകൾ പരിമിതപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ് | 1-16 |
| 22 | ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ | 1-17 |

| | | |
|---|---|---|
| 23 | തുക മുൻകൂറായി നൽകിയെങ്കിലും പി.എച്ച്.സി യിലേക്ക് മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനം-അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റിയില്ല | 1-19 |
| 25 | തൊഴിലുറപ്പ് പദ്ധതി- കരാറുകാരൻ ടി.ഡി.എസ് അടവാക്കിയിട്ടില്ല | 1-20 |
| 26 | ലൈഫ് ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ വിവിധ ഫണ്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ദുരുപയോഗം ചെയ്തു | 1-21 |
| 27 | ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് നിരക്കായ 400000 രൂപയിലും അധികം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു | 1-21-1 |
| 28 | ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ തുക അനുവദിച്ചു-200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21-2 |
| 29 | ലൈഫ് ഭവന നിർമ്മാണത്തിനുള്ള സംസ്ഥാനസർക്കാർ വിഹിതത്തിൽ നിന്നും 324000 രൂപ ടോയ്‌ലെറ്റ് നിർമ്മാണത്തിന് അനുവദിച്ചു | 1-21-3 |
| 30 | ഫണ്ട് ദുർവിനിയോഗം ചെയ്തതിനാൽ ഏറ്റവും അർഹരായ ഏതാനും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു | 1-21-4 |
| 31 | ക്രമക്കേടുകൾക്ക് വഴിയൊരുക്കിയ സാഹചര്യവും ക്രമക്കേട് നടത്തിയ രീതിയും | 1-21-5 |
| 32 | ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ | 1-21-6 |
| 33 | ഓഡിറ്റ് ശുപാർശകൾ | 1-21-7 |
| 34 | ജലജീവൻ മിഷൻ പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല | 1-22 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 36 | കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് | 1-24 |
| 37 | ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 1-25 |
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ | 1-26 |
| 39 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ | 1-26-1 |
| 40 | ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ചില്ല | 1-26-2 |
| 41 | കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-27 |
| 42 | കരുവാരപുരം റോഡ് നവീകരണം-ഭാഗികമായി പ്രവൃത്തി നിർവ്വഹിച്ച് ഉപേക്ഷിച്ചു | 1-28 |
| 43 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-29 |

| | | |
|---|---|---|
| 44 | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വാങ്ങൽ - സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതെ നേരിട്ട് വാങ്ങി | 1-30 |
| 45 | നിർമ്മാണ പ്രവൃത്തികൾ ഉപേക്ഷിക്കുന്നതിനാൽ ഫണ്ട് ലാപ്സ് ആകുന്നു | 1-31 |
| 46 | കാർഷിക വിപണന കേന്ദ്രം പുനരുദ്ധാരണ പ്രവൃത്തി ഉപേക്ഷിച്ചു | 1-31-1 |
| 47 | ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി വകയിരുത്തിയ തുക ചെലവഴിച്ചില്ല | 1-31-2 |
| 48 | അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന് കൈമാറേണ്ടതാണ് | 1-32 |
| | ഭാഗം **2** | |
| 1 | തൊഴി**ൽ** നികുതി ഈടാക്കിയതി**ൽ** കുറവ് | 2-1 |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ വിവിധ ഫണ്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ദുരുപയോഗം ചെയ്തു | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കിലെ വിവിധ പത്രികകൾ - സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രാരംഭ ബാക്കി | 34,14,427 |
| തൻവർഷം വരവ് | 244,805,000 |
| ആകെ വരവ് | 248,219,427 |
| ചെലവ് | 245,651,000 |
| നീക്കിയിരിപ്പ് | 25,68,427 |

16-03-2022 ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 244,805,000 | 104,575,606 |
| തൻവർഷത്തെ ചെലവ് | 245,651,000 | 100,282,166 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 15-06-2022 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ലഭ്യമാക്കേണ്ട താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62ഇ, ചട്ടം 62എഫ്- അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ , അടിസ്ഥാന അനുപാതങ്ങൾ തുടങ്ങിയവ.

ബി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

സി) ചട്ടം 62(4)- പ്രകാരം അക്കൗണ്ട്സ് പ്രകാരമുള്ള എല്ലാ തുകകളും അടുത്ത പൂർണ്ണസംഖ്യയിലേക്ക് ക്രമീകരിച്ചിട്ടില്ല.

2. നാളിതു വരെയായിട്ടും ചെക്കുകൾ മാറിയെടുത്തിട്ടില്ല-നാഗലശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്ക് (10400000325) ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് എന്ന വിഭാഗത്തിൽ വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ 2021 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെയും മാറിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 35955 | 26.5.2020 | 1440 |
| 25113 | 12.12.2019 | 2000 |
| 24860 | 4.11.2019 | 400 |
| 39271 | 3.3.2021 | 1000 |
| 37276 | 3.3.2021 | 1000 |
| 38787 | 21.12.2020 | 600 |
| 28204 | 11.4.2016 | 1000 |
| 19415 | 27.11.2019 | 500 |
| 042329 | 18.2.2022 | 600 |
| 042324 | 16.2.2022 | 235 |
| 041858 | 21.12.2021 | 240 |
| 24871 | 23.11.2019 | 1800 |
| | ആകെ | 10815 |

മേൽ തുകകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28661580.09 |
| വരവ് | 104575606 |
| ആകെ | 133237186.09 |
| ചെലവ് | 100282166 |
| നീക്കിയിരിപ്പ് | 32955020.09 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13419662 | 13419662 | 12919857 | 499805 |
| വികസനഫണ്ട് -എസ്.സി.പി | 0 | 14403642 | 14403642 | 13514839 | 888803 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 28665876 | 28665876 | 23728861 | 4937015 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5535884 | 5535884 | 2893112 | 2642772 |
| CFC-അൺടൈഡ് ഗ്രാന്റ്-New (*) | 0 | 2835787 | 2835787 | 1034214 | 1801573 |

| | | | | | |
|---|---|---|---|---|---|
| CFC-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 1316452 | 1316452 | 1316452 | 0 |
| CFC-ടൈഡ് ഗ്രാന്റ്-New | 0 | 4183000 | 4183000 | 1914105 | 2268895 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 306020 | 306020 | 306020 | 0 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 2788000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 47787 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1510106 | 951438 | 2461544 | 1989193 | 472351 |
| സമ്പൂർണ്ണ ശുചിത്വം | 25000 | 0 | 25000 | 0 | 25000 |
| Specific Purpose Grant | 33387 | 14331 | 47718 | 0 | 47718 |
| Solid Waste | 658200 | 0 | 658200 | 414099 | 244101 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 387112 | 387112 | 387111 | 1 |
| തൊഴിലാളികളുടെ വേതനം | 0 | 21104453 | 21104453 | 21104453 | 0 |
| ആകെ | 0 | 21491565 | 21491565 | 21491564 | 1 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 2678911 | 170000 | 2848911 | 2375436 | 473475 |
| സമ്പൂർണ്ണശുചിത്വം | 675000 | 0 | 675000 | 0 | 675000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 156203073 | 188 | 79147996 | 0 | 57 | 77 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5550000 | 3985545 | 72 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2149100 | 1461100 | 68 |
| മെഡിക്കൽ ഓഫീസർ-PHC | 16 | 16 | 3870259 | 2884894 | 75 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 825000 | 816207 | 99 |
| എച്ച്.എം | 2 | 2 | 525000 | 425000 | 81 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 1722000 | 0 | 0 |
| വി.ഇ.ഒ -1 | 16 | 15 | 61237022 | 20628250 | 34 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6603149 | 6403147 | 97 |
| സെക്രട്ടറി | 26 | 22 | 14091782 | 6812316 | 48 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 143 | 97 | 52667018 | 30701494 | 58 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 400000 | 0 | 0 |
| അസി.സെക്രട്ടറി | 13 | 10 | 6562743 | 5030043 | 77 |
| ആകെ | 245 | 188 | 156203073 | 79147996 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 387112 | 387112 | 387111 | 1 |
| തൊഴിലാളികളുടെ വേതനം | 0 | 21104453 | 21104453 | 21104453 | 0 |
| ആകെ | 0 | 21491565 | 21491565 | 21491564 | 1 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 4,631,600 | 260 |
| 2 | വിധവാ പെൻഷൻ | 20,664,200 | 1345 |
| 3 | വാർദ്ധക്യകാല പെൻഷൻ | 41,176,400 | 2908 |
| 4 | വികലാംഗ പെൻഷൻ | 5,658,900 | 371 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,567,600 | 178 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-3-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി 25716/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നത് കാര്യക്ഷമമായ ചർച്ചകളുടെ അടിസ്ഥാനത്തിലല്ലെന്നും യാഥാർത്ഥ്യ ബോധത്തോടെയല്ലെന്നും ബജറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുടാപ്പുകളുടെ വെള്ളക്കരവും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ കുറവു ചെയ്യുന്നതിനും കാര്യക്ഷമമായ ഇടപെടൽ തൻവർഷം ഉണ്ടായതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ യഥാസമയം കണ്ടെത്തി തടയുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. മോണിറ്ററിംഗ്, ധനഇടപാടുകളുടെ അംഗീകാരം എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

1/2007 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2015-16 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, പഞ്ചായത്തു പ്രദേശത്തു താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഈ പ്രകാരം തൊഴിൽ നികുതി കണാക്കുമ്പോൾ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും, H.R.A, C.C.A, TA എന്നിവ ഒഴികെയുള്ള എല്ലാത്തരം അലവൻസുകളും, ബോണസ്, ഉത്സവബത്ത എന്നിവയും കണക്കിലെടുക്കണം. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള പട്ടികയിൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തുകയാണ് നൽകിയിരിക്കുന്നത്. ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുക ഗ്രാമപഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണെന്ന് ചട്ടം 3(2) ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം പരമാവധി തുക ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഈടാക്കേണ്ടിയിരുന്ന ഏറ്റവും കുറഞ്ഞ തുകയാണ് താഴെ പറയുന്ന പട്ടികയിൽ നൽകിയിരിക്കുന്നത്.

I. സാൻ മെഡിക്കൽ സെന്റർ

| ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ | ഏറ്റവും കുറഞ്ഞ നഷ്ടം |
|---|---|---|---|---|---|---|---|

| | | | | | | തൊഴിൽ നികുതി | |
|---|---|---|---|---|---|---|---|
| പുഷ്പ | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| സരോജിനി | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| വസന്തകുമാരി | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| പ്രവീൺ.പി | 11840 | 2960 | 14800 | 88800 | 120 | 601 | 481 |
| ഹിമ | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| ജാനകി | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| വിഘ്നേഷ് | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| ഗോപകുമാർ | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| പ്രമോദ് | 14000 | 3500 | 17500 | 105000 | 120 | 751 | 631 |
| സുനിത.പി | 9600 | 2400 | 12000 | 72000 | 120 | 451 | 331 |
| വിഷ്ണനാഥ് | 14000 | 3500 | 17500 | 105000 | 120 | 751 | 631 |
| ആകെ | | | | | 1320 | 5711 | 4391 |

പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയായ 1320 രൂപ 121010107633 (1080 രൂപ), 121010107632 (240 രൂപ) എന്നീ രസീതികൾ പ്രകാരം 3.3.2022 തീയതിയിൽ അടവാക്കിയിട്ടുണ്ട്.

II. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി കുറവായി അടവാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവന ക്കാരൻ | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ പ്രതി മാസ ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | T.S No.52 കരുവാടി | കെ.എൻ. ചന്ദ്രൻ | 44999 | -- | 44999 | 269994 | 300 | 1250 | 950 |
| | | എം.മനീഷ് | 44999 | -- | 44999 | 269994 | 300 | 1250 | 950 |
| 2 | T.S No.2 മൂളി പറമ്പ്, തത്താല | എം.പ്രജീഷ് | 44999 | -- | 44999 | 269994 | 300 | 1250 | 950 |
| 3 | T.S No.54 കുരി പറമ്പ് | എൻ.എസ് ശിവനാഥ് | 44999 | -- | 44999 | 269994 | 300 | 1250 | 950 |
| ആകെ | | | | | | | 1200 | 5000 | 3800 |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും (നം.2/8.3.2023) മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്തിന് നികുതിയിനത്തിൽ പിരിഞ്ഞ് കിട്ടേണ്ട തുകകൾ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കുമ്പോൾ ഇത്തരത്തിലുള്ള പിഴവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കുറവായ തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്

പുതിയതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കളുടെ കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ

സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്ന് വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ നിമയപ്രകാരം ഒഴിവാക്കിയിട്ടില്ല.

നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ 3 എം.എസ്.എം.ഇ കൾ വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ K-SWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്തിൽ നിയമിച്ചിട്ടുള്ള വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ(ഇന്റേൺ) അറിയിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും(നം.13/14.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ K-SWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയ്ക്ക് നിയമപ്രകാരമുള്ള നികുതികൾ ചുമത്തേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 എം.എസ്.എം.ഇ കളുടെ ഡാറ്റ സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ നിയമിച്ചിട്ടുള്ള വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ(ഇന്റേൺ) ഓഡിറ്റിന് നൽകിയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 12 എം.എസ്.എം.ഇ കൾ അടുത്തിടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ എം.എസ്.എം.ഇ കളുടെ വിവരം ലഭ്യമല്ല. പ്രസ്തുത സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി അർഹരായ വ്യവസായങ്ങളെ 2006 ലെ എം.എസ്.ഇം.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.14/14.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എം.എസ്.എം.ഇ കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കി സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പു വരുത്തി ബാധകമായ നിരക്ക് നിശ്ചയിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 സങ്കേതം സോഫ്റ്റ്‌വെയറിലെ പെർമിറ്റ് വിവരം രേഖകളുമായി പൊരുത്തപ്പെടുന്നില്ല

നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 21-22 വർഷത്തെ പെർമിറ്റ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

പെർമിറ്റ് ഫീ അടവാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വാസഗൃഹങ്ങൾ ഒഴികയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഫീസ് 10 രൂപയാണ്. എന്നാൽ 2021-22 വർഷത്തെ പെർമിറ്റ് ഫീ അടവാക്കിയതിൽ ഏതാനും കെട്ടിടങ്ങളുടെ ഫീ കുറവാക്കി കണാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | വിലാസം | സർവ്വേ നം. | വിനിയോഗം | വിസ്തീർണ്ണം | രസീതി നം. തിയ്യതി | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | A1-4098/ 21/1.7.21 | യാസർ, ആരുമ പറമ്പിൽ, കുറ്റനാട് | 48/1-B-5, 4/1-B-6 | വാണിജ്യം | 362.03 M2 | 100407/ 21 Dt.31.5.21 | 2535 | 3620-2535 =1085 (362.03x 10 =3620) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | A1-5567/21/ 10.9.21 | മുരളിധരൻ, വടക്കേലെ പറമ്പിൽ, കുറ്റനാട് | 43/4-A-3 | വാണിജ്യം | 622.63 M2 | 1211301 00285 Dt.22.4.21 | 5616 | 6226-5616 =610/- (622.63x 10 =6226) |
| 3 | A1-BA (95708)/ 2021 / 16.4.21 | മുരളിധരൻ, മൂത്തേടത്ത് ലക്ഷ്മി നിലയം, വാവന്നൂർ | 220/1 -1 | ഹോസ്പിറ്റൽ, വാണിജ്യം | 686.76 M2 | 12113010 3026 Dt 30.11.21 | 2157 | 6867-2157 =4710 (6867.6x 10 =6867) |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/12.3.2023) ലഭ്യമാക്കിയ വിശദീകരണം കൂടി കണക്കിലെടുത്തുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-14-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ശ്രീ.യാസർ എരുമ പറമ്പിൽ എന്ന വ്യക്തിയുടെ A1-4098/21 നമ്പറിൽ 1.7.21 തീയതിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് പെർമിറ്റ് ഫീസ് കുറവയായതു സംബന്ധിച്ച എൻക്വയറിയ്ക്ക് പാർപ്പിട ഉപയോഗമാണെന്നും ആയതിൻ പ്രകാരമുള്ള 362.03m$^2$x7=2535 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ എന്ന മറുപടി നൽകിയിരിക്കുന്നു. എന്നാൽ ടിയാനെ കുറിച്ചുള്ള വിവരങ്ങൾ 21-22 വർഷത്തെ സങ്കേതം സോഫ്റ്റ്‌വെയറിലെ പെർമിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. പെർമിറ്റ് രേഖകൾ പരിശോധിച്ചപ്പോൾ പെർമിറ്റ് രജിസ്റ്റർ പ്രകാരം ക്വാർട്ടേഴ്സ് എന്ന വിനിയോഗത്തിലുള്ള കെട്ടിടത്തിന് വാണിജ്യം ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. പെർമിറ്റ് രജിസ്റ്റർ, സങ്കേതം പെർമിറ്റ് രജിസ്റ്റർ, പ്ലാൻ എന്നിവയിലെ വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജിസ്റ്റർ പ്രകാരം | | | | | | സങ്കേതം പെർമിറ്റ് രജിസ്റ്റർ പ്രകാരം ( 21-22) | പ്ലാൻ പ്രകാരം |
|---|---|---|---|---|---|---|---|
| പെർമിറ്റ് നം. | വിലാസം | സർവ്വേ നം | ഉപയോഗം | വിസ്തീർണ്ണം | രസീതി നം./ തിയ്യതി | | |
| A1-4098/21 Dt .1.7.21 | യാസർ, എരുമ പറമ്പിൽ, കുറ്റനാട് | 48/1-B-5, 48/1-B-6 | വാണിജ്യം | 362.03m$^2$ | 10040721 Dt.31.5.2021 | വിവരങ്ങൾ ലഭ്യമല്ല. | പാർപ്പിടം |

1-14-2 സങ്കേതം സോഫ്റ്റ്‌വെയറിലെ പെർമിറ്റ് രജിസ്റ്ററിൽ വിവരം ലഭ്യമല്ല-പ്ലാനിലേയും പെർമിറ്റ് രജിസ്റ്ററിലേയും വിവരം പൊരുത്തപ്പെടുന്നില്ല

ശ്രീ.മുരളിധരൻ, വാക്കേലപറമ്പിൽ, കുറ്റനാട് എന്ന വ്യക്തിയുടെ A1-5567/21 നമ്പറിൽ 10.9.21 തീയതിയിൽ വാണിജ്യാവശ്യത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ള കെട്ടിടത്തിനു പെർമിറ്റ് ഫീസ് കുറവയായതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് പ്ലാൻ പ്രകാരമുള്ള 561.57m$^2$x10=5617 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഫയൽ പരിശോധനയിൽ തുക കൃത്യമാണെന്ന് വ്യക്തമായി. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയറിലെ 2021-22 ലെ പെർമിറ്റ് രജിസ്റ്ററിൽ ടിയാനെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ സെക്ഷന്റെ കൈവശമുള്ള 2021-22 ലെ പെർമിറ്റ് രജിസ്റ്ററിൽ ആകെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 622.63m$^2$ എന്നാണ്. ഇപ്രകാരം സംഭവിച്ചത് വിശദീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജിസ്റ്റർ പ്രകാരം | | | | | | സകേതം പെർമിറ്റ് രജിസ്റ്റർ പ്രകാരം (21-22) | പ്ലാൻ പ്രകാരം |
|---|---|---|---|---|---|---|---|
| പെർമിറ്റ് നം. | വിലാസം | സർവ്വേ നം | ഉപ യോഗം | വിസ്തീർ ണ്ണം | രസീതി നം. തിയ്യതി | | |

| | | | | | | | |
|---|---|---|---|---|---|---|---|
| A1-5567/21 Dt.10.9.21 | മുരളീധരൻ, വടേക്കലേ, പറമ്പിൽ, കുറ്റനാട് | 43/4-A-3 | വാണിജ്യം | 622.63 $M^2$ | 1211301 00285 Dt.22.4.21 | വിവരം ലഭ്യമല്ല. | 561.57 $M^2$ |

### 1-14-3 പ്ലാൻ, സങ്കേതം ഡാറ്റ, പെർമിറ്റ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

ശ്രീ.മുരളീധരൻ, മൂത്തേടത്ത്, ലക്ഷ്മി നിലയം, വാവന്നൂർ എന്ന വ്യക്തിയുടെ കെട്ടിടത്തിന്A1-BA(95708)/2021 നമ്പരിൽ 16.4.21 തീയതിയിൽ ഹോസ്പിറ്റൽ, വാണിജ്യാവശ്യത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് ഫീ കുറവയായതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് പ്ലാൻ പ്രകാരമുള്ള 215.68$m^2$X10=2157 രൂപയാണ് ഈടാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയറിലെ 2021-22 ലെ പെർമിറ്റ് രജിസ്റ്റർ, സെക്ഷന്റെ കൈവശമുള്ള 2021-22 ലെ പെർമിറ്റ് രജിസ്റ്ററിൽ എന്നിവയിൽ 686.76$m^2$ എന്നാണ് രേഖപ്പടുത്തിയിരിക്കുന്നത്. പ്ലാനിൽ 215.68$m^2$ വിസ്തീർണ്ണം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം സംഭവിച്ചത് വിശദീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പെർമിറ്റ് രജിസ്റ്റർ, സങ്കേതം, പ്ലാൻ എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജിസ്റ്റർ പ്രകാരം | | | | | | സങ്കേതം പെർമിറ്റ് രജിസ്റ്റർ പ്രകാരം (21-22) | പ്ലാൻ പ്രകാരം |
|---|---|---|---|---|---|---|---|
| പെർമിറ്റ് നം. | വിലാസം | സർവ്വേ നം | ഉപയോഗം | വിസ്തീർണ്ണം | രസീതി നം. തിയ്യതി | | |
| A1-BA (95708)/ 2021 / Dt.16.4.21 | മുരളീധരൻ, മൂത്തേടത്ത്, ലക്ഷ്മി നിലയം, വാവന്നൂർ | 220/1-1 | ഹോസ്പിറ്റൽ, വാണിജ്യം | 686.76 $M^2$ | 121130 103026 Dt.30.11.21 | 686.76 $M^2$ | 215.68 $M^2$ |

### 1-14-4 സങ്കേതത്തിലെ ഡാറ്റയിൽ ആകെ തറ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

സങ്കേതത്തിലെ ഡാറ്റയിൽ ശ്രീ നിമേഷ് നായർ വടക്കേഓടത്ത്, പെരിങ്ങോട് എന്ന വ്യക്തിയുടെ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടത്തിന് (A1-BA(68576)/2022) നമ്പരിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. 128/2A4-255-2A4-255; 128/2A4-257-2A4-257 സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ ആകെ പ്ലോട്ട് ഏരിയ 566 Sqm ഉം ഫ്ളോർ ഏരിയ 1243.76 Sqm ഉം ആണ്. ടി കെട്ടിടത്തിന്റെ എഫ്.എസ്.എ കണാക്കിയതിൽ വ്യത്യാസം കാണുന്നു.

FSI= ആകെ തറ വിസ്തീർണ്ണം / ആകെ പ്ലോട്ട് ഏരിയ

=1243.76/566 = 2.19

എന്നാൽ സങ്കേതത്തിൽ FSI ആയി രേഖപ്പെടുത്തിയിരിക്കുന്നത് 0.055 എന്നാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( 5/12.3.2023) ലഭ്യമാക്കിയ മറുപടിയിൽ പ്ലാൻ പ്രകാരം

തറവിസ്തീർണ്ണം =310.96 $M^2$,

ആകെപ്ലോട്ട്ഏരിയ =566.sqm

എഫ്.എസ്.ഐ= 310.96/ 566 =0.5

ആയതിനാൽ എഫ്.എസ്.ഐ.കൃത്യമാണെന്ന് അറിയിച്ചിരിക്കുന്നു.

എന്നാൽ സങ്കേതത്തിലെ ഡാറ്റയിൽ ആകെ തറ വിസ്തീർണ്ണം 1243.76 ച.മീ എന്ന് വരാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഒരു കെട്ടിടത്തിന്റെ പ്ലാൻ അനുസരിച്ചുള്ള വിസ്തീർണ്ണമാണ് സങ്കേതം, പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ ചേർക്കേണ്ടത്. ഓരോ രേഖയിലും വ്യത്യസ്ത അളവുകൾ ഉപയോഗിക്കുന്നത് രേഖകളുടെ വിശ്വാസ്യതയെ ബാധിക്കുന്നതാണ്. ഇത്തരത്തിലുള്ള പിഴവുകൾ ഒഴിവാക്കേണ്ടതാണ്.

### 1-15 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ് കുറവു ചെയ്യേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജും

തെരുവു വിളക്ക് രജിസ്റ്റർ പ്രകാരം 17വാർഡുകളിൽ നിലവിലുള്ള ലാമ്പുകളുടെ വിവരം താഴെ ചേർക്കുന്നു.

20 വാട്ട് LED – 922

9 വാട്ട് LED – 941

18 വാട്ട് LED – 239

ആകെ - 2102 എണ്ണം

KSEB യുടെ 8-7-2019 ലെ വൈദ്യുതി ചാർജ് താരിഫ് പ്രകാരം മേൽ ലാമ്പുകൾക്ക് ഈടാക്കാവുന്ന വൈദ്യുതി ചാർജ് താഴെ ചേർക്കുന്നു.

20 വാട്ട് LED – 922 X 17 =15674

9 വാട്ട് LED – 941x10 = 9410

18 വാട്ട് LED – 239x15 = 3585

ആകെ - 28669 രൂപ

തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് നിലവിൽ ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കണക്കനുസരിച്ചാണ്. പ്രതിമാസം ശരാശരി 98219 രൂപ വൈദ്യുതി ചാർജ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | 18-4-2017 ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 203 | 73 | 14819 |
| 2 | സി.എഫ്.എൽ - 2*11 W | 255 | 35 | 8925 |
| 3 | സി.എഫ്.എൽ - 11 W | 35 | 18 | 630 |
| 4 | സി.എഫ്.എൽ -85 W | 79 | 138 | 10902 |
| 5 | ട്യൂബ് - 80 W | 305 | 147 | 44835 |
| 6 | ട്യൂബ് - 40 W | 70 | 73 | 5110 |
| 7 | സോഡിയം വേപ്പർ ലാമ്പ് - 250 W | 14 | 492 | 6888 |
| 8 | എൽ.ഇ.ഡി 12 W | 118 | 10 | 1180 |
| 9 | എൽ.ഇ.ഡി 20 W | 290 | 17 | 4930 |
| ആകെ | | 1369 | | 98219 |

ഗ്രാമപഞ്ചായത്തിന്റെ കണക്ക് പ്രകാരം മൂന്ന് വ്യത്യസ്ത വാട്ടേജുകളിലുള്ള എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ് നിലവിലുള്ളത്. എന്നാൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 9 ഇനം ലാമ്പുകളുണ്ട്. കാലഹരണപ്പെട്ട സാധാരണ ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും വൈദ്യുതി ബോർഡിന്റെ

കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കണക്കനുസരിച്ചും നിലവിലുള്ള താരിഫ് അനുസരിച്ചും വൈദ്യുതി ചാർജ് കണക്കാക്കുമ്പോൾ 69550 രൂപ (98219-28669) രൂപ അധികമായാണ് വൈദ്യുതി ബോർഡിന് ഒടുക്കുന്നതെന്ന് വിലയിരുത്തുന്നു. പ്രതിവർഷം എട്ട് ലക്ഷം രൂപയിലെറെ പാഴ്ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നുണ്ട്.

ബി) തെരുവു വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയില്ല

ഉപയോഗിക്കുന്ന ഊർജ്ജത്തിന് ആനുപാതികമായി മാത്രമേ വൈദ്യുതി ചാർജ് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണമെന്ന് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. നിലവിലുള്ള വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിന് മീറ്ററിംഗ് ഏർപ്പെടുത്തുവാനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ഗ്രാമപഞ്ചായത്ത് ആലോചിച്ചിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

സി) തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

തെരുവു വിളക്ക് അറ്റകുറ്റപ്പണികൾക്കായി രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ തൻവർഷം മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

1) 239/22-തെരുവു വിളക്ക് അറ്റകുറ്റപ്പണി(S.O)
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 56250 (തനത് ഫണ്ട്)
ചെലവ് - 11500 (ബിൽ നം.52100437/6-9-21)
2) 238/22-തെരുവു വിളക്ക് അറ്റകുറ്റപ്പണി-സാധനങ്ങൾ വാങ്ങൽ (S.O)
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 171237 (തനത് ഫണ്ട് -100000 + 71237 (CFC))
ചെലവ് - 6732 (CFC) (ബിൽ നം. 12/18-11-21)
3) 154/22-തെരുവു വിളക്ക് പരിപാലനം - AMC
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 400000 (CFC)
ചെലവ് - 220739 (ബിൽ നം. P/2/10-12-21)

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/13-3-23 നുള്ള മറുപടിയിൽ സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണെന്നും മീറ്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകളുടെ ആവശ്യകത വിലയിരുത്തി GeM പോർട്ടൽ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

7. തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പൊതുടാപ്പുകൾ പരിമിതപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

തൃശ്ശൂർ ഡിവിഷനു കീഴിലുള്ള 279 പൊതു ടാപ്പുകൾക്കും ഷൊർണ്ണൂർ ഡിവിഷന് കീഴിലുള്ള 18 പൊതു ടാപ്പുകൾക്കും ഉൾപ്പെടെ 297 എണ്ണത്തിനാണ് ഗ്രാമപഞ്ചായത്ത് നിലവിൽ വെള്ളക്കരം അടവാക്കുന്നത്. ടാപ്പ് ഒന്നിന് പ്രതിവർഷം 5512.50 രൂപ നിരക്കിൽ 136434 (128164+8270) രൂപ പ്രതിമാസം വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുണ്ട്. 16 ലക്ഷം രൂപയ്ക്ക് മുകളിൽ ഒരു വർഷം വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് നൽകുന്നുണ്ട്. നിലവിൽ സ്ലാബ് ഉയർത്തിയ സാഹചര്യത്തിൽ വലിയ തുക ഈ ഇനത്തിൽ ഒടുക്കേണ്ടി വരുന്നുണ്ട്.

നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കൃത്യമായ കണക്കില്ലാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 11(2)/13-3-23 ന് പൊതു ടാപ്പുകളുടെ കണക്ക് ശേഖരിക്കുന്നതിനുള്ള സംയുക്ത പരിശോധന നടന്നുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ ബെയ്ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ

പ്രോജക്ട്-278/22, ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ ബെയ്ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. സെക്രട്ടറി

അടങ്കൽ - 650000 (195000-CFC + 455000 – കേന്ദ്രാവിഷ്കൃതം)

ചെലവ് - 492999 (ബിൽ നം. 29/30-3-22- 147900 രൂപ-(CFC) +ബിൽ നം. 52101082/31-3-22-345099 രൂപ – (കേന്ദ്രാവിഷ്കൃതം)

650000 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് കെട്ടിടത്തിലേക്ക് ഒരു ബെയ്ലിംഗ് മെഷീൻ GeM മുഖേന വാങ്ങിയിട്ടുണ്ട്. ഡുവോ മെഷിൻ കോർപ്സ്, രാജ്കോട്ട് എന്ന സ്ഥാപനം വിതരണം ചെയ്ത മെഷീന് മൂന്നു വർഷ വാറണ്ടിയാണുള്ളത്.

ബെയ്ലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12/14-3-23 നുള്ള മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി 8-3-23 ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള തുക KSEB യിൽ ഒടുക്കിയിട്ടുണ്ടെന്നും കണക്ഷൻ ലഭിച്ചാൽ ഉടൻതന്നെ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മതിയായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം ഇത്തരം മെഷീനുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. മെഷീൻ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 തുക മുൻകൂറായി നൽകിയെങ്കിലും പി.എച്ച്.സി യിലേക്ക് മരുന്നുകൾ ലഭ്യമായില്ല

വിവിധ പ്രോജക്ടുകളുടെ ഭാഗമായി പി.എച്ച്.സിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (A/c No.3624001800000019) തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഭാഗികമായി മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി നൽകിയ എൻക്വയറി നം. 17/14.3.2023ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു. നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

1) പ്രോജക്ട് നം. - 42/22-മാർഗ്ഗദീപ്തി- മരുന്ന് വാങ്ങൽ

അടങ്കൽ - 300000 (MG-Non Road)

ആകെ ചെലവ് - 193269

| സാങ്ഷൻ നം./ തിയതി | ഇൻവോയ്സ് നം. തിയതി | ലഭ്യമാകാത്ത മരുന്നുകളുടെ വില |
|---|---|---|
| 27/21.06.21 | 663/14-6-21<br>27 ഇനം മരുന്നുകൾ | 21617 |

2) പ്രോജക്ട് നം. -49/22- പാലിയേറ്റീവ് പരിചരണ പദ്ധതി

അടങ്കൽ - 1000000 (Plan-General)

ആകെ ചെലവ് - 996563

| സാങ്ഷൻ നം./ തിയതി | ഇൻവോയ്സ് നം. തിയതി | ലഭ്യമാകാത്ത മരുന്നുകളുടെ വില |
|---|---|---|
| 17/14.06.21 | 419/29-5-21<br>4 ഇനം മരുന്നുകൾ | 28227 |
| 15/14-6-21 | 420/29-5-21,38 ഇനം മരുന്നുകൾ | 9360 |
| ആകെ | | 37587 |

ഒട്ടാകെ - 59204 രൂപ

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് ഓഡർ ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തത് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 കോവിഡ് പ്രതിരോധ പ്രവർത്തനം-അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റിയില്ല

പ്രോജക്ട് - 136/22-DCC ,CFLTC നടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 3600000 (തനത് ഫണ്ട്-2500000 + മറ്റുള്ളവ - 1100000)

ചെലവ് - 2245170 രൂപ

CFLTC യുടെ മാനേജിംഗ് കമ്മിറ്റിയുടെ പേരിൽ 3-8-20 ന് South Indian Bank ൽ അക്കൗണ്ട് തുറന്നിട്ടുണ്ട്(Account No. 0982053000000248).

പ്രസ്തുത അക്കൗണ്ടിലേക്ക് 1870000 രൂപ തനത് ഫണ്ടിൽ നിന്നും മാറ്റിയാണ് ഭൂരിഭാഗം ചെലവുകളും നിർവ്വഹിച്ചിട്ടുള്ളത്. സംഭാവനയിനത്തിൽ ലഭിച്ച 20000 രൂപയും പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തനത് ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്

12-5-21 – 50000

2-6-21 -100000

18-6-21 -100000

8-7-21-280000

26-7-21 – 200000

16-8-21 – 400000

14-9-21 -450000

12-10-21-290000

ആകെ – 1870000 രൂപ

സംഭാവനയിനത്തിൽ ലഭ്യമായ 20000 രൂപ 21-4-21 ന് മേൽ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

ആകെ - 1890000 രൂപ

തനത് ഫണ്ടിൽ നിന്നും നേരിട്ടും മേൽ അക്കൗണ്ട് മുഖേനയും ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ആകെ ചെലവഴിച്ച തുക 2245170 രൂപയാണ്.

പ്രവർത്തനങ്ങൾ അവസാനിപ്പിച്ച തിയതിയിൽ (30-11-2021 ) അക്കൗണ്ടിൽ 30499 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 5-3-23 ന് അക്കൗണ്ടിൽ 31963 രൂപയുടെ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 10(4)/13-3-23 പ്രകാരം അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടതിനുള്ള മറുപടിയായി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി നേരിട്ട് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-20 തൊഴിലുറപ്പ് പദ്ധതി- കരാറുകാരൻ ടി.ഡി.എസ് അടവാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2020-21 ൽ പൂർത്തീകരിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ തുക തൻവർഷം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജംഷീദ് ടി.എച്ച്., AZ ട്രേഡ്ഴ്സ് പല്ലൂർ, തൃശ്ശൂർ എന്ന വ്യക്തിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ താഴെ പറയും പ്രകാരം തുക സപ്ലൈയർക്ക് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ അനുവദിച്ച തുക |
|---|---|---|
| 1 | കണ്ണൻകുളം കള്ളിവളപ്പ് റോഡ് കോൺക്രീറ്റ് ചെയ്യൽ | 363192 |

| | | |
|---|---|---|
| 2 | അശകത്ത് അമ്പലം റോഡ് കോൺക്രീറ്റ് ചെയ്യൽ | 256059 |
| 3 | വടക്കേവാവന്നൂർ പൊയിലം റോഡ് കോൺക്രീറ്റ് ചെയ്യൽ | 219325 |
| 4 | അഴുവളപ്പിൽ സൈതലവി വീട് മുതൽ കളത്തിപ്പാറ വാസുവിന്റെ വീട് വരെ റോഡ് കോൺക്രീറ്റ് ചെയ്യൽ | 256063 |
| 5 | ചാലാച്ചി നരിയറക്കുളം റോഡ് കോൺക്രീറ്റ് ചെയ്യൽ | 256062 |
| 6 | ഉങ്ങുൻ തറ റോഡ് കോൺക്രീറ്റ് ചെയ്യൽ | 161981 |
| 7 | മുക്കിൽ പീടിക കാഞ്ഞിരക്കുണ്ട് റോഡ് കോൺക്രീറ്റ് ചെയ്യൽ | 256397 |
| 8 | നമ്മിണിപറമ്പ് കുണ്ടുപാടം റോഡ് കോൺക്രീറ്റ് ചെയ്യൽ | 192101 |
| 9 | കാണിക്കൽ റോഡ് കോൺക്രീറ്റ് ചെയ്യൽ | 217763 |
| 10 | ബാലവാടി ചിറക്കൽ പടി- വെളിയ തടം റോഡ് കോൺക്രീറ്റ് ചെയ്യൽ | 293479 |
| 11 | ഒരചാന്നൂർ കളരിക്കൽ റോഡ് കോൺക്രീറ്റ് ചെയ്യൽ | 219325 |
| 12 | വട്ടപറമ്പ് അംഗൻവാടി റോഡ് കോൺക്രീറ്റ് ചെയ്യൽ | 133865 |
| 13 | പാറംപാടം റോഡ് കോൺക്രീറ്റ് ചെയ്യൽ | 219325 |
| 14 | പൂരണ്ടിക്കൽ റോഡ് കോൺക്രീറ്റ് ചെയ്യൽ | 146797 |
| 15 | വലിയ പറമ്പ് ലിങ്ക് റോഡ് കോൺക്രീറ്റ് ചെയ്യൽ | 220029 |
| | ആകെ | 34.12 ലക്ഷം രൂപ |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാർ തുകയുടെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (1% SGST + 1% CGST) കുറവ് ചെയ്യുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. MGNREGS ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച ആർ.267/2019 തി. 06-04-2019 നമ്പർ കത്തിൽ 2.50 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന സാഹചര്യങ്ങളിൽ എല്ലാ പേയ്മെന്റിൽ നിന്നും 2% ടി.ഡി.എസ് കുറവു ചെയ്യേണ്ടതാണെന്നും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഈ വ്യവസ്ഥകൾ ബാധകമാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ തുക അനുവദിച്ച നൽകിയപ്പോൾ ബില്ലുകളിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്തിട്ടില്ലെന്ന് ഫയലുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.16/14-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

നൽകിയ തുകയുടെ ജി.എസ്.ടി വെണ്ടർ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ വിവിധ ഫണ്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ദുരുപയോഗം ചെയ്തു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതായി അധികാരികൾ കണ്ടെത്തിയതിനെത്തുടർന്ന് 03.10.2022 തീയതിയിൽ നിർവ്വഹണോദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. ഓഡിറ്റ് വർഷത്തിൽ പ്രസ്തുത വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഭാഗമായുള്ള സാമ്പത്തിക ഇടപാടുകൾ വിശദമായി പരിശോധിക്കുന്നതിനും ക്രമക്കേട് നടത്തുന്നതിനിടയാക്കിയ സാഹചര്യം കണ്ടെത്തുന്നതിനും ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ലഭ്യമാക്കിയ പദ്ധതി നിർവ്വഹണ രേഖകൾ, സാംഖ്യ വെബിൽ നിന്നും ലഭ്യമായ ഇടപാടുകളുടെ വിവരം, നിർവ്വഹണോദ്യോഗസ്ഥന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട ഫയൽ എന്നിവ ഓഡിറ്റിൽ പരിശോധിച്ചു. ലൈഫ് ഭവന പദ്ധതി നടത്തിപ്പിനായി ആവിഷ്കരിച്ച വിവിധ പ്രോജക്റ്റുകൾ പ്രകാരം പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത തുകകളുടെ ബില്ലുകൾ 'സാംഖ്യ വെബ്' ൽ 'ഓഡിറ്റർ ലോഗിൻ' ഉപയോഗിച്ച് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

2021-22 വർഷത്തെ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് (വിവിധ ബില്ലു കളിലായി) |
|---|---|---|---|---|
| 1 | 40/22-ലൈഫ് ഭവന നിർമ്മാണം -ജനറൽ | വികസനഫണ്ട്-ജനറൽ | 4356137 | 3985737 |
| | | സംസ്ഥാന സർക്കാർവിഹിതം | 5000000 | - |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2500000 | 73200 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 10000000 | - |
| | | KURDFC ലോൺ | 5000000 | - |
| | ആകെ | | 26856137 | 4058937 |
| 2 | 44/22-ലൈഫ് ഭവന നിർമ്മാണം -പട്ടികജാതി വിഭാഗം | വികസനഫണ്ട്-എസ്. സി. പി | 3659173 | 3351173 |
| | | സംസ്ഥാന സർക്കാർ വിഹിതം | 5000000 | 4380000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2500000 | 1249497 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 10000000 | 1000000 |
| | | KURDFC ലോൺ | 5000000 | - |
| | ആകെ | | 26159173 | 9980670 |
| 3 | 132/22-വീട് വാസയോഗ്യമാക്കൽ-ജനറൽ | വികസനഫണ്ട്-ജനറൽ | 850000 | 725000 |

| | | | | |
|---|---|---|---|---|
| 4 | 163/22(S.O) വീട് വാസയോഗ്യമാക്കൽ- എസ്. സി. പി | വികസനഫണ്ട്- എസ്. സി. പി | 780000 | 760000 |
| 5 | 133/22-വീട് വാസയോഗ്യമാക്കൽ- എസ്. സി. പി | വികസനഫണ്ട്- എസ്. സി. പി | 3825000 | 3115000 |

ഓഡിറ്റ് കണ്ടെത്തലുകൾ

1. ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് നിരക്കായ 400000 രൂപയിലും അധികം തുക വിവിധ ഗുണഭോക്താക്കൾക്ക് നൽകിയത് വഴിയും ഭവന പുനരുദ്ധാരണത്തിനായി വകയിരുത്തിയ ഫണ്ടിൽ നിന്നും ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതു വഴിയും 18,17,169 രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുള്ളതായി കണ്ടെത്തി.

2. ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധനസഹായം നൽകി.

3. ലൈഫ് ഭവന നിർമ്മാണത്തിനുള്ള സംസ്ഥാനസർക്കാർ വിഹിതത്തിൽ നിന്നും 324000 രൂപ ടോയ്‌ലെറ്റ് നിർമ്മാണത്തിന് അനുവദിച്ചു.

4. ലൈഫ് ഭവന പദ്ധതിക്കായി ലഭ്യമായ ഫണ്ട് നിർവ്വഹണോദ്യോഗസ്ഥൻ ദുർവ്വിനിയോഗം ചെയ്തതിനാൽ ഏറ്റവും അർഹരായ ഏതാനും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി.

5. മോണിറ്ററിംഗിന്റെ അഭാവം, കോവിഡ് സാഹചര്യം, ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ കുറവുകൾ, സാംഖ്യ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ മുതലായ ഘടകങ്ങൾ ക്രമക്കേടുകൾക്ക് കാരണമായിട്ടുണ്ട്.

പരിശോധനയിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. 4/10.03.23, 9/13.03.23 എന്നിവ പ്രകാരമുള്ള ഓഡിറ്റ് അന്വേഷണങ്ങൾ മുഖേന കണ്ടെത്തലുകളുടെ വിവരം നിലവിലുള്ള നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുള്ളതാണ്. ആയതിനെത്തുടർന്ന് അധിക രേഖകളും മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.

1-21-1 ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് നിരക്കായ 400000 രൂപയിലും അധികം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

2018-19 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം ട്രഷറിയിൽ നിന്നും ബാങ്കിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ തുകകളുടെ ബില്ലുകൾ സാംഖ്യ വെബിൽ ഓഡിറ്റർ ലോഗിൻ ഉപയോഗിച്ച് പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് യൂണിറ്റ് നിരക്കായ 400000 രൂപയിലും അധികം തുക ക്രെഡിറ്റ് ചെയ്തതായി കണ്ടെത്തി. ഒരേ ഗുണഭോക്താവിനെ ഒരു വർഷത്തിൽ തന്നെ മൂന്ന് പ്രോജക്ടുകളിൽ വരെ ഉൾപ്പെടുത്തി തുക നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളെ വിവിധ വർഷങ്ങളിലെ വീട് വാസയോഗ്യമാക്കൽ, ഭവനപുനരുദ്ധാരണം തുടങ്ങിയ പദ്ധതികളിലും ഉൾപ്പെടുത്തിയതായി കണ്ടെത്തി.

സ.ഉ.(ആർ.ടി)നം.3218/18/ത.സ്വ.ഭ.വ തീയതി 21.12.2018 പ്രകാരം കരാർ ചമയ്ക്കുമ്പോൾ 40000 രൂപ, തറയുടെ പണി പൂർത്തിയാക്കുമ്പോൾ 160000 രൂപ, ലിന്റൽ വാർപ്പ് വരെ 100000 രൂപ, മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കുമ്പോൾ 100000 രൂപ എന്നിങ്ങനെയാണ് ഗഡുക്കൾ നൽകേണ്ടത്. ഒരു ഗുണഭോക്താവിന് 220000 രൂപ വരെ ഹഡ്കോലോൺ വിഹിതത്തിലും 100000 രൂപ സംസ്ഥാന സർക്കാർ വിഹിതത്തിലും വകയിരുത്തേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും കൃത്യമായി പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

അധികം തുക നൽകിയതിന്റെ വിവരങ്ങൾ വർഷം തിരിച്ച് ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷം അവസാന ഗഡു നൽകിയ കേസുകൾ

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നും പ്രോജക്ട് പരിഗണിക്കാതെ തുക നൽകിയത് വഴി 400000 രൂപയിൽ അധികം നൽകിയ കേസുകൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ബാങ്ക്അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി/വൗച്ചർ നം./തീയതി |
| 1 | സുജിത്.പി.പി പേങ്ങാട്ടിരിപ്പടി, 098205300 0000391 SIB | I | 2020-21 | 40000 | 278/21 -ലൈഫ്-SC- ബ്ലോക്ക് വിഹിതം, വൗച്ചർ നം 22001040/30.01.21 |
| | | II | 2020-21 | 160000 | 152/21 -ലൈഫ് -SC ജില്ലാ പഞ്ചായത്ത് വിഹിതം (20210752016001180398/ 10.03.21) |
| | | III | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട് -SCP (21210752016000136055/ 22.06.21) |
| | | IV | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ (21210752016001133784/ 16.02.2022) |
| | | V | 2021-22 | 189497 | 44/22 (ലൈഫ് -SC , ബ്ലോക്ക് വിഹിതം 21-22 (21210752016000879762/ 15.01.2022) |
| | ആകെ അധികം നൽകിയത് | | | 189497 | |
| 2 | പുഷ്പലത മണ്ണാരപുരക്കൽ, 82880100006479 Bank Of Baraoda | I | 2020-21 | 40000 | 152/21-ലൈഫ് -SC ബ്ലോക്ക് വിഹിതം (20210752016001072853/ 12.02.21) |
| | | II | 2020-21 | 160000 | 152/21 -ലൈഫ് -SC ബ്ലോക്ക് വിഹിതം (20210752016001317053/ 22.03.21) |
| | | III | 2021-22 | 100000 | 40/22-വികസനഫണ്ട്-ജനറൽ (21210752016001133784/ 16.02.22) |
| | | IV | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി (21210752016000138236/ 16.02.22) |
| | | V | 2021-22 | 60000 | 44/22-ലൈഫ് -SC- വികസനഫണ്ട്-എസ്.സി.പി |

| | | | | | |
|---|---|---|---|---|---|
| | | | | | (21210752016000160565/ 29.06.21) |
| | | VI | 2021-22 | 100000 | 44/22-ലൈഫ് -SC-<br>സംസ്ഥാന സർക്കാർ വിഹിതം<br>വൗച്ചർ നം 42100526/ 31.03.2022 |
| | | VII | 2021-22 | 40000 | 163/22-ഭവന പുനരുദ്ധാരണം<br>(വികസനഫണ്ട്- എസ്.സി.പി)<br>(21210752016001035086/ 31.01.22) |
| | ആകെ അധികം നൽകിയത് | | | 200000 | |
| 3 | തങ്കമണി,<br>തറയിൽ<br>82880100000532<br>Bank Of Baroda -Vavannur | I | 2020-21 | 40000 | 278/21-ലൈഫ് -SC,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>വൗച്ചർ നം.<br>22001040/30.01.21 |
| | | II | 2020-21 | 160000 | 152/21-ലൈഫ് -SC<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>(20210752016001180398/ 10.03.21) |
| | | III | 2021-22 | 100000 | 44/22-ലൈഫ് -SC<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>(21210752016000483802/ 11.10.21) |
| | | IV | 2021-22 | 100000 | 40/22--ലൈഫ് -SC<br>വികസനഫണ്ട് -ജനറൽ<br>(21210752016001133784/ 16.02.22) |
| | | V | 2021-22 | 40000 | 163/22-ഭവന പുനരുദ്ധാരണം -എസ്.സി.പി<br>(വികസനഫണ്ട്- എസ്.സി.പി)<br>(21210752016001035086/ 31.01.22) |
| | ആകെ അധികം നൽകിയത് | | | 40000 | |
| 4 | മിനി<br>മുല്ലത്ത് വളപ്പിൽ,<br>40280101019403<br>KLG Bank | I | 2019-20 | 40000 | 40/20-ലൈഫ് -SC<br>വികസനഫണ്ട്-SCP<br>(19210752016000938842/ 03.01.2020) |
| | | II | 2019-20 | 160000 | 40/20-ലൈഫ് -SC<br>വികസനഫണ്ട്-SCP<br>(19210752016001175803/ 31.01.2020) |

| | | | | | |
|---|---|---|---|---|---|
| | | III | 2019-20 | 160000 | 40/20-ലൈഫ് -SC-വികസനഫണ്ട്-SCP (19210752016001386722/ 17.03.2020) |
| | | IV | 2020-21 | 40000 | 278/21-ലൈഫ് -SC വികസനഫണ്ട്-SCP (20210752016000611767/ 14.10.2020) |
| | | V | 2021-22 | 100000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ (21210752016001345019/ 17.03.22) |
| | ആകെ അധികം നൽകിയത് | | | 100000 | |
| 5 | ഷീജ.കെ. വി തട്ടാരക്കുന്നത്ത് 206201011003182 വിജയ ബാങ്ക്, 206201011003182 ബാങ്ക് ഓഫ് ബറോഡ | I | 2019-20 | 40000 | 40/20-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 19210752016001141963/ 28.01.2020 |
| | | II | 2019-20 | 160000 | 40/20-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 19210752016001512664/ 17.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 20210752016000280896/ 24.06.2020 |
| | | IV | 2020-21 | 100000 | 278/21-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം. 22000672/ 25.11.2020 |
| | | V | 2021-22 | 100000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്- ജനറൽ 21210752016001345019/ 17.03.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| 6 | സരസ്വതി, വാമനം പുരയിടത്ത് 16970100058821 ഫെഡറൽ ബാങ്ക് | I | 2019-20 | 40000 | 39/20-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 19210752016000514276/ 31.08.2019 |
| | | II | 2019-20 | 160000 | 39/20-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 19210752016000671345/ 11.10.2019 |
| | | III | 2019-20 | 100000 | 39/20-ലൈഫ് -ജനറൽ ബ്ലോക്ക് വിഹിതം |

| | | | | | |
|---|---|---|---|---|---|
| | | | | | വൗച്ചർ നം.21901076/ 31.01.2020 |
| | | IV | 2020-21 | 100000 | 277/21-ലൈഫ് -ജനറൽ ബ്ലോക്ക് വിഹിതം വൗച്ചർ നം 22000627/ 06.11.2020 |
| | | V | 2021-22 | 160000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 21210752016000136070/ 22.06.21 |
| | ആകെ അധികം നൽകിയത് | | | 160000 | |
| 7 | ഇന്ദിര, കുവപ്പാട്ടിൽ 206201231000332-വിജയബാങ്ക് 82880100006738 | | 2018-19 | 40000 | 43/19-ലൈഫ്-ജനറൽ ജില്ലാ പഞ്ചായത്ത് വിഹിതം വൗച്ചർ നം . 21800753/ 16.01.2019 |
| | | | 2018-19 | 160000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം. 21801352/30.03.2019 |
| | | | 2019-20 | 100000 | 39/20-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 19210752016000671345/ 11.10.2019 |
| | | | 2019-20 | 40000 | 39/20-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 19210752016000760542/ 07.11.2019 |
| | | | 2019-20 | 60000 | 185/20-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർനം. 21900327/26.07.2019 |
| | | | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 21210752016001165776/ 21.02.2022 |
| | ആകെ അധികം നൽകിയത് | | | 100000 | |
| 8 | ദിഷ.പി, കൊണ്ടപ്പുറത്ത് 206201010005431 വിജയ ബാങ്ക്, 82880100002642 (ബാങ്ക് ഓഫ് ബറോഡ) | I | 2018-19 | 40000 | 43/19-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 18210752016000581811/ 15.10.2018 |
| | | II | 2018-19 | 160000 | 43/19-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 18210752016000689596/ 27.10.2018 |

| | | | | | |
|---|---|---|---|---|---|
| | | III | 2018-19 | 100000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം .21801352/ 30.03.2019 |
| | | IV | 2018-19 | 100000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം 21800787/17.01.2019 |
| | | V | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 21210752016001133784/ 16.02.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| ക്രമ നം 1 മുതൽ 8വരെ ആകെ അധികം നൽകിയത് | | | | | 9,89,497 |

(ബി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് എസ്.സി ഫണ്ടിൽ നിന്നും 400000 രൂപയിൽ അധികം നൽകിയ കേസുകൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി |
| 1 | ദിനീഷ്.സി.പി ചിറ്റിലങ്ങാട്ടുപടി 99980113995646, Federal Bank | I | 2020-21 | 40000 | 278/21-S.O-ലൈഫ് -SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം -22001040/30.01.21 |
| | | II | 2020-21 | 160000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് വിഹിതം 20210752016001180398/ 10.03.21 |
| | | III | 2020-21 | 100000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് വിഹിതം 20210752016001317053/ 22.03.21 |
| | | IV | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 21210752016000136055/ 22.06.2021 |
| | | V | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 21210752016001342288/ 17.03.2022 |
| | ആകെ അധികം നൽകിയത് | | | 100000 | |

| | | | | | |
|---|---|---|---|---|---|
| 2 | രുഗ്മിണി, എരുമപ്പറമ്പിൽ 40704101041615 KLGB | I | 2019-20 | 40000 | 40/20-ലൈഫ്-SC വികസനഫണ്ട്-എസ്.സി.പി 19210752016001029068/ 14.01.2020 |
| | | II | 2020-21 | 160000 | 278/21-S.O-ലൈഫ്-SC വികസനഫണ്ട്-SCP 20210752016000611767/ 14.10.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC വികസനഫണ്ട്-SCP 20210752016000971793/ 21.01.2021 |
| | | IV | 2021-22 | 100000 | 44/22-ലൈഫ്-SC വികസനഫണ്ട്-SCP 21210752016000138236/ 22.06.2021 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC സംസ്ഥാനാവിഷ്കൃതം വൗച്ചർ നം .42100528/31.03.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| 3 | ഉണ്ണികൃഷ്ണൻ (ഗുണഭോക്താവിന്റെ പിതാവ് മാധവൻ എന്നവരുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക മാറിയിട്ടുള്ളത്) ചില ബില്ലുകളിൽ ഉണ്ണിക്കൃഷ്ണൻ എന്നും ചിലതിൽ മാധവൻ എന്നും കാണുന്നു. 017201818625190001 (കാത്തലിക് സിറിയൻ ബാങ്ക്) | I | 2020-21 | 40000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം. 22001040/30.01.21 |
| | | II | 2020-21 | 160000 | 152/21-ലൈഫ് SC ജില്ലാപഞ്ചായത്ത് വിഹിതം , (20210752016001180398/ 10.03.21) |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം 20210752016001317053/ 22.03.2021 |
| | | IV | 2021-22 | 100000 | 44/22-ലൈഫ്-SC ജില്ലാപഞ്ചായത്ത് വിഹിതം 21210752016000483802/ 11.10.21 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം 21210752016001342288/ 17.03.22 |
| | ആകെ അധികം നൽകിയത് | | | 100000 | |

| | | | | | |
|---|---|---|---|---|---|
| 4 | വിജിത.വി.എം<br>67321552031<br>SBI | I | 2019-20 | 40000 | 40/20-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>19210752016001141967/28.01.2020 |
| | | II | 2019-20 | 160000 | 40/20-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>19210752016001512229/17.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>20210752016000335364/15.07.2020 |
| | | IV | 2020-21 | 23622 | 278/22-ലൈഫ്-SC<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>വൗച്ചർ നം. 22001300/23.03.21 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>21210752016000136064/22.06.21 |
| | ആകെ അധികം നൽകിയത് | | | 23622 | |
| ക്രമ നം. 1 മുതൽ 4 വരെ ആകെ അധികം നൽകിയത് | | | | | 3,23,622 |

(സി) 2020-21 വർഷം വരെ ജനറൽ , എസ്. സി ഫണ്ടുകളിൽ നിന്നായി തുക അധികം നൽകിയ കേസുകൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്റ്റ്, ഫണ്ട്, ബിൽ ഐ.ഡി /തീയതി |
| 1 | അജിത<br>ഓറച്ചാന്നൂർ, കളരിക്കൽ<br>40704101033652<br>KGB | I | 2019-20 | 40000 | 39/20-ലൈഫ്-ജനറൽ<br>വികസനഫണ്ട്-ജനറൽ<br>19210752016001141971/28.01.2020 |
| | | II | 2019-20 | 100000 | 39/20-ലൈഫ്-ജനറൽ<br>ബ്ലോക്ക് വിഹിതം<br>19210752016001631915/30.03.2020 |
| | | III | 2019-20 | 160000 | 39/20-ലൈഫ്-ജനറൽ<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>508070090119097/30.01.2020 |
| | | IV | 2020-21 | 100000 | 45/21-ലൈഫ്-ജനറൽ<br>വികസനഫണ്ട്-ജനറൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 20210752016000326584/ 15.07.2020 |
| | | V | 2020-21 | 40000 | 45/21-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 20210752016000515839/ 17.09.2020 |
| | ആകെ അധികം നൽകിയത് | | | 40000 | |
| 2 | രാധ,ചോലയിൽ 40704101033041, KLGB | I | 202-21 | 40000 | 45/21-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 20210752016000642728/ 21.10.2020 |
| | | II | 2020-21 | 160000 | 45/21-ലൈഫ്-ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 20210752016000998565/ 29.01.21 |
| | | III | 2020-21 | 100000 | 45/21-ലൈഫ് -ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 20210752016001099193/ 17.02.21 |
| | | IV | 2020-21 | 78000 | 45/21-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 20210752016001441018/ 31.03.21 |
| | | V | 2020-21 | 86050 | 277/21ലൈഫ്-ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 508070090120012/ 25.03.21 |
| | ആകെ അധികം നൽകിയത് | | | 64050 | |
| | ക്രമ നം. 1 ,2 ആകെ അധികം നൽകിയത് | | | | 104050 |

(ഡി) 2022-23 സാമ്പത്തിക വർഷത്തിൽ 03.10.2022 വരെ ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നായി തുക അധികം നൽകിയ കേസുകൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്റ്റ്, ഫണ്ട്, ബിൽ ഐ.ഡി /തീയതി |
| 1 | ധീരജ് 34512311718 | I | 2019-20 | 40000 | 40/20-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 19210752016001141963/ 28.01.2020 |
| | | II | 2020-21 | 160000 | 152/21-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 20210752016000326587/ 15.07.20 |

| | | | | | |
|---|---|---|---|---|---|
| | | III | 2022-23 | 160000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000529009/ 16.09.22 |
| | | IV | 2022-23 | 100000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000529011/ 16.09.22 |
| | | V | 2022-23 | 100000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000532039/ 16.09.22 |
| | ആകെ അധികം നൽകിയത് | | | 160000 | |
| 2. | വിജയലക്ഷ്മി 206201231001315 Bank Of Baraoda -Vavannur, 206201231001315-(Vijaya Bank) | I | 2019-20 | 40000 | 40/20-ലൈഫ്-എസ്.സി വികസനഫണ്ട്-എസ്.സി.പി 19210752016001141967/ 28.01.2020 |
| | | II | 2019-20 | 160000 | 40/20-ലൈഫ് -എസ്.സി വികസനഫണ്ട്-എസ്.സി.പി 19210752016001424983/ 20.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് -എസ്.സി (വികസനഫണ്ട്-എസ്.സി.പി) 20210752016000335364/ 15.07.2020 |
| | | IV | 2022-23 | 100000 | 88/23-ലൈഫ് -എസ്.സി വികസനഫണ്ട്-എസ്.സി.പി 22210752016000532039/ 16.09.22 |
| | | V | 2022-23 | 100000 | 88/23-ലൈഫ് -എസ്.സി വികസനഫണ്ട്-എസ്.സി.പി 22210752016000532047/ 16.09.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| 3. | സരസ്വതി, ചക്കം തടം ബാങ്ക് ഓഫ് | I | 2019-20 | 40000 | 40/20-ലൈഫ് -എസ്.സി വികസനഫണ്ട്-എസ്.സി.പി |

| | | | | | |
|---|---|---|---|---|---|
| | | | | | 19210752016001283025/ 17.02.2020 |
| | | II | 2020-21 | 160000 | 152/21-ലൈഫ് -എസ്.സി<br>വികസനഫണ്ട്-എസ്.സി.പി<br>20210752016000611767/ 14.10.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് -എസ്.സി<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>20210752016001317053/ 22.03.21 |
| | ബറോഡ-82880100004329 | IV | 2022-23 | 100000 | 88/23<br>ലൈഫ്-എസ്.സി<br>വികസനഫണ്ട്-എസ്.സി.പി<br>22210752016000532039/ 16.09.22 |
| | | V | 2022-23 | 100000 | 88/23-ലൈഫ് -എസ്.സി<br>വികസനഫണ്ട്-എസ്.സി.പി<br>22210752016000532047/ 16.09.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| ക്രമ നം 1 മുതൽ 3 വരെ ആകെ അധികം നൽകിയത് | | | | | 3,60,000 |

ഇത്തരത്തിൽ ഭവനനിർമ്മാണ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റിലും കൂടുതൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം പിന്നീട് ഗുണഭോക്താവിൽ നിന്നും ഈ തുക തിരികെ കാഷ് ആയി കൈപ്പറ്റുന്ന രീതിയിലാണ് നിർവ്വഹണോദ്യോഗസ്ഥൻ സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് അധികൃതരും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനും ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്.

<u>(ഇ) ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിലുൾപ്പെട്ട ഒരു ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഫണ്ടിൽ നിന്നും 40000 രൂപ നൽകിയതിനുശേഷം തിരികെ വാങ്ങി</u>

മേൽ പറഞ്ഞവ കൂടാതെ ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിലുൾപ്പെട്ട ശ്രീമതി അമ്മിണി, പൊന്നമ്പലത്ത് പടി എന്ന ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഫണ്ടിൽ നിന്നും 40000 രൂപ നൽകുകയും പിന്നീട് ഇവരിൽ നിന്നും ഈ തുക തിരികെ വാങ്ങിയതായും പരാതി ലഭിച്ചിട്ടുണ്ട്.

വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും 17.03.2020, 24.06.2020 തീയതികളിലായി ആകെ 40000 രൂപ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇവർക്ക് 24.06.2020 തീയതിയിൽ തന്നെ മറ്റൊരു ബിൽ പ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഫണ്ടിൽ നിന്നും 40000 രൂപ നൽകിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ വീട് റിപ്പയറിനായി തന്ന 40000 രൂപ തിരികെ നൽകണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെടുകയും ആയതനുസരിച്ച് ഇവർ തുക തിരികെ നിർവ്വഹണോദ്യോഗസ്ഥന്

നൽകിയിട്ടുള്ളതായും കാണിച്ചു കൊണ്ട് ശ്രീമതി.അമ്മിണി 19.11.22 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ല. ഇവർക്ക് ഭവന നിർമ്മാണത്തിന്റെ മുഴുവൻ ഗഡുക്കളും നൽകിയിട്ടില്ല.

ഗുണഭോക്താവിന് തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്,ഫണ്ട്,ബിൽ ഐ.ഡി/തീയതി |
| 1 | അമ്മിണി പൊന്നമ്പലത്ത് പടി 40704101020311 KLGB | I | 2019-20 | 20000 | 34/20, വീട് വാസയോഗ്യമാക്കൽ (എസ്. സി ) വികസനഫണ്ട്-എസ്.സി. പി 19210752016001425018/ 17.03.2020 |
| | | II | 2020-21 | 20000 | 191/21 വീട് വാസയോഗ്യമാക്കൽ (എസ്. സി ) വികസനഫണ്ട്-എസ്.സി. പി 20210752016000280901/ 24.06.2020 |
| | | III | 2020-21 | 40000 | 152/21 (ലൈഫ് -SC), ജില്ലാ പഞ്ചായത്ത് വിഹിതം , 20210752016001180398/ 24.06.2020 |
| | | IV | 2021-22 | 100000 | 44/22 (ലൈഫ് -SC), സംസ്ഥാനാവിഷ്കൃത ഫണ്ട്. വൗച്ചർ നം. 42100528/31.03.22 |
| ആകെ അനർഹമായി നൽകിയത് | | | | 40000 | |

മുകളിലെ ക്രമ നം. (എ) മുതൽ (ഇ) വരെ ആകെ 18,17,169 രൂപയുടെ നഷ്ടം ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ (എ), (ബി) പ്രകാരമുള്ള 2021-22 വർഷത്തെ നഷ്ടം ആകെ 13,13,119 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-21-2 ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ തുക അനുവദിച്ചു-200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

(എ) ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 5 വ്യക്തികൾക്ക് ഭവന നിർമ്മാണത്തിനുള്ള ആദ്യഗഡു നൽകി

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ലൈഫ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വികസന

വകുപ്പിൽ നിന്നും കൈമാറി ലഭിച്ച ഗുണഭോക്താക്കൾ ഉൾപ്പെടെ ആകെ 356 പേരാണുള്ളത്. ഇവരിൽ 191പേർ ജനറൽ വിഭാഗത്തിലും 165 പേർ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരും ആകുന്നു. ഈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന 5 വ്യക്തികൾക്ക് 2021-22 വർഷം മുതൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുള്ളതായി കണ്ടെത്തി. പ്രോജക്ട് നം 40/22-ലൈഫ് ഭവന നിർമ്മാണം-ജനറൽ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നുമാണ് 2021-22 വർഷത്തിൽ ഇവർക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | വ്യക്തിയുടെ പേര് | ആകെ നൽകിയ തുക | ഫണ്ട് | അക്കൗണ്ട് നമ്പർ | ട്രഷറി ബിൽ ഐ.ഡി/ തീയതി |
|---|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, തായാട്ടുപടി | 40000 | വികസന ഫണ്ട്-ജനറൽ | SBI 35173355548 | 21210752016 001365403 / 18.03.22 |
| 2 | നീലി, കുട്ടത്ത് പടി | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0006392 | 21210752016 001517039/ 30.03.22 |
| 3 | കാർത്യായനി, മാത്തൂർ ലക്ഷം വീട് | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0009283 | 2121075201600 1517039/ 30.03.22 |
| 4 | സുരേഷ്, പൂളക്കൽ പറമ്പിൽ | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0014638 | 21210752016 001517039/ 30.03.22 |
| 5 | ബ്രിജിത ചെറുകുള പ്പുറത്ത്പടി | 200000 | 40000-വികസന ഫണ്ട്-ജനറൽ 160000-വികസന ഫണ്ട്-എസ്.സി.പി | Canara Bank 074210 1035664 | Rs.40000 -2021-22-21210752016 001517039/ 30.03.22 Rs.160000-(2022-23)-SCPഫണ്ട്-22210752016 000529011/ 16.09.22 |

മേൽ പട്ടിക ക്രമ നം 5 ലെ ഗുണഭോക്താവ് ശ്രീമതി ബ്രിജിതക്ക് നൽകിയ 200000 രൂപയിൽ 160000 രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് -എസ്.സി.പി വിഭാഗത്തിൽ നിന്നുമാണ് നൽകിയിട്ടുള്ളത്.

2021-22 ൽ മേൽസൂചിപ്പിച്ച പ്രകാരം 5 ഗുണഭോക്താക്കൾക്ക് നൽകിയ 200000 (5x40000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) Approved Status ൽ ഉള്ള ഗുണഭോക്താക്കളെ Eligible ആക്കാതെ തുക അനുവദിച്ചു

356 പേരുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 152 പേർ മാത്രമാണ് എലിജിബിൾ ആയിട്ടുള്ളത്. ശേഷിക്കുന്നവർ അപ്രൂവ്ഡ് സ്റ്റാറ്റസിൽ ആണ് തുടരുന്നത്. ജനറൽ വിഭാഗത്തിൽപെട്ട അപ്രൂവ്ഡ് സ്റ്റാറ്റസിലെ ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ മറ്റൊരംഗത്തിന് വീട് ഉണ്ടെങ്കിൽ ഇയാളെ പിന്നീട് Eligible ആക്കാൻ സാധിക്കില്ല. ആദ്യഗഡുക്കൾ നൽകിയ ഏതാനും ഗുണഭോക്താക്കൾക്ക് ആരോപണവിധേയനായ നിർവ്വഹണോദ്യോഗസ്ഥന്റെ സസ്പെൻഷന് ശേഷം തുടർന്നുള്ള ഗഡുക്കളിൽ സംസ്ഥാന വിഹിതം നൽകുന്നതിനായി സെക്രട്ടറി ലോഗിനിൽ പരിശോധിക്കുമ്പോൾ ഈ ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ മറ്റംഗങ്ങൾക്ക് വീട് ഉള്ളതിനാൽ ഇവർ അനർഹരാണെന്ന

കണ്ടെത്തിയിട്ടുണ്ട്. ഏതാനും പേരുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | അഷ്റഫ് പന്നിമുള്ളൻ പറമ്പിൽ എഗ്രിമെന്റ് തീയതി - 30.11.21 | 672890 25224 | 300000 | ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇദ്ദേഹം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങിയതിനെ തുടർന്ന് ട്രാൻസ്ഫർ ചെയ്തു വന്നതാണ്. ഇദ്ദേഹത്തിന്റെ റേഷൻ കാർഡിൽ വീട് ഉണ്ട്. ടിയാൻ നിലവിൽ വിദേശത്താണ്. |
| 2 | സുലൈഖ മുളക്കൽ എഗ്രിമെന്റ് തീയതി - 08.02.2021 | 8288010 0014076 | 200000 | മുൻ വി.ഇ.ഒ ഇവർക്ക് 200000 രൂപ നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധനയിൽ ഈ വ്യക്തി അർഹനാണെന്ന് കണ്ടെത്തിയതിനാൽ 100000 കൂടി നിലവിലെ വി.ഇ.ഒ ഇവർക്ക് നൽകി. എന്നാൽ സംസ്ഥാന വിഹിതം 100000 കൂടി നൽകുന്നതിനായി സെക്രട്ടറി ലോഗിനിൽ പരിശോധിക്കുമ്പോൾ ഇവർ റേഷൻ കാർഡിൽ വീട് ഉള്ളതിനാൽ അനർഹനാണെന്നു കണ്ടെത്തിയിട്ടുണ്ട്. |
| 3 | റഹമത്ത് പുഞ്ചയിൽ എഗ്രിമെന്റ് തീയതി - 10.02.2021 | 346455 29777 | 40000 | ഫീൽഡ് പരിശോധനയിൽ ഈ വ്യക്തി അർഹനാണെന്ന് കണ്ടെത്തിയതിനാൽ 100000 കൂടി നിലവിലെ വി.ഇ.ഒ ഇവർക്ക് നൽകി. എന്നാൽ സംസ്ഥാന വിഹിതം 100000 കൂടി നൽകുന്നതിനായി സെക്രട്ടറി ലോഗിനിൽ പരിശോധിക്കുമ്പോൾ ഇവർ റേഷൻ കാർഡിൽ വീട് ഉള്ളതിനാൽ |

| | | | | |
|---|---|---|---|---|
| | | | | അനർഹനാണെന്ന കണ്ടെത്തിയിട്ടുണ്ട്. |

മേൽ പ്രകാരമുള്ള രണ്ട് കേസുകളിലും നിർവ്വഹണോദ്യോഗസ്ഥൻ ഈ വ്യക്തികൾ ലൈഫ് ഗുണഭോക്തൃപട്ടികയിലെ അർഹരായ ഗുണഭോക്താക്കളാണെന്ന് തെറ്റിദ്ധരിപ്പിച്ച് തുക നൽകിയിട്ടുള്ളതിനാൽ ഇവർ നിലവിലുള്ള വീട് പൊളിച്ച് മാറ്റുകയും പുതിയ വീട് നിർമ്മാണം തുടങ്ങിയവരുമാണ്. ഇവരുടെ തുടർനടപടികൾ അനിശ്ചിതത്വത്തിൽ ആയ അവസ്ഥയാണുള്ളത്.

1-21-3 ലൈഫ് ഭവന നിർമ്മാണത്തിനുള്ള സംസ്ഥാനസർക്കാർ വിഹിതത്തിൽ നിന്നും 324000 രൂപ ടോയ്‌ലെറ്റ് നിർമ്മാണത്തിന് അനുവദിച്ചു

പ്രോജക്ട് നം. 164/22(S.O)
അടങ്കൽ-324000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)
ചെലവ് -324000

ലൈഫ് ഗുണഭോക്താക്കളായ പട്ടികജാതി വിഭാഗക്കാർക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ആകെ 27 ലൈഫ് ഗുണഭോക്താക്കൾക്ക് 12000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ലൈഫ് ഭവന നിർമ്മാണത്തിനായുള്ള സംസ്ഥാന സർക്കാർ വിഹിതം ലൈഫ് പദ്ധതിക്ക് മാത്രമാണ് ഉപയോഗിക്കാവുന്നത്. സ.ഉ(സാധാ)നം.292/19/ ത.സ്വ.ഭ.വ തീയതി 11.02.2019 പ്രകാരം ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായുള്ള ധനസഹായം ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നാണ് അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ ലൈഫ് ഭവന നിർമ്മാണത്തിനായുള്ള സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നുമാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് കണ്ടെത്തി.

തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | വൗച്ചർ നമ്പർ /തീയതി | അനുവദിച്ച തുക | ഫണ്ട് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 164/22 | 22100377/ 16.08.21 | 36000 | State Sponsored Schemes – Life Mission | 3 |
| | 22100400/ 27.08.21 | 12000 | | 1 |
| | 4210092/ 07.10.2021 | 12000 | | 1 |
| | 42100294/ 18.02.2022 | 96000 | | 8 |
| | 42100310/ 25.02.2022 | 12000 | | 1 |
| | 22101249 21.03.2022 | 156000 | | 13 |
| | ആകെ | 324000 | | 27 |

ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതം വകമാറ്റി ചെലവഴിച്ചതിനാൽ ആകെ 324000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21-4 ഫണ്ട് ദുർവിനിയോഗം ചെയ്തതിനാൽ ഏറ്റവും അർഹരായ ഏതാനും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽക്കാണ് ലൈഫ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. 2020-21, 2021-22, 2022-23 വർഷങ്ങളിലായി ആകെ 18,17,169 രൂപ അനർഹമായി വിതരണം ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്.

ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതവും ലോൺ വിഹിതവും സെക്രട്ടറി ലോഗിനിൽ എലിജിബിൾ ആയ ഗുണഭോക്താക്കൾക്ക് മാത്രമേ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. മാത്രമല്ല സംസ്ഥാന സർക്കാർ വിഹിതം ഒരു ഗുണഭോക്താവിന് 100000 രൂപയിൽ അധികം പിൻവലിക്കാനും സാധ്യമല്ല. ക്രമക്കേട് നടത്തിയിട്ടുള്ള ബില്ലുകളിൽ കൂടുതലും ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസനഫണ്ട് ജനറൽ, എസ്.സി വിഭാഗം ഫണ്ടുകളും ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടേതാണ്. ആയതിനാൽ നിലവിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഏതാനും ഗുണഭോക്താക്കൾക്ക് അവസാനഗഡു നൽകുന്നതിന് വികസനഫണ്ട് ലഭ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ഇവർക്ക് 100000 രൂപ മുമ്പ് തന്നെ നൽകിയതിനാൽ ഈ വിഹിതം തുടർന്ന് നൽകാനും സാധിക്കുകയില്ല.

യോഗ്യരല്ലാത്ത ഗുണഭോക്താക്കൾക്ക് തുക നൽകിയ കേസുകളിലും ഇവർ ഭവന നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നിലവിൽ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ തന്നെ ഉൾപ്പെടാത്തതിനാൽ തുടർന്ന് ഗഡുക്കൾ നൽകാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നു.

### 1-21-5 ക്രമക്കേടുകൾക്ക് വഴിയൊരുക്കിയ സാഹചര്യവും ക്രമക്കേട് നടത്തിയ രീതിയും

കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം, കോവിഡ് മഹാമാരിയുടെ പശ്ചാത്തലം, ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ, സാംഖ്യ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ എന്നിവയും ക്രമക്കേടുകൾക്ക് വഴിയൊരുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുള്ളതായി വിലയിരുത്തുന്നു.

സ.ഉ(എം.എസ്)34/18/ത.സ്വ.ഭ.വ തീയതി 16.03.2018 ഗ്രാമപഞ്ചായത്ത് തലത്തിൽ ലൈഫ് ഭവനപദ്ധതിയുടെ പൂർണ്ണമായ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ലൈഫ് പദ്ധതിയുടെ പൊതുവായ മോൽനോട്ട ചുമതല ബി.ഡി.ഒ ക്കും ആണെങ്കിലും പദ്ധതി നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് ഉണ്ടായതായി കാണുന്നില്ല. ഗുണഭോക്താക്കളെ അതത് പ്രോജക്ടുമായി മാപ്പ് ചെയ്യുന്ന പ്രക്രിയയിൽ (Client-Individual Project Mapping) ആധാർ നമ്പറും ബാങ്ക് അക്കൗണ്ടുമുള്ള ഏതു വ്യക്തിയെയും ഏത് പ്രോജക്ടുമായും ബന്ധിപ്പിക്കാവുന്നതും ഒരു ഗുണഭോക്താവിനെ തന്നെ ഒന്നിലധികം പ്രോജക്ടുകളുമായും ബന്ധിപ്പിക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിൽ മാപ്പ് ചെയ്ത ഗുണഭോക്താക്കളുടെ വിവരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റുമായി താരതമ്യപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപ്രൂവ് ചെയ്യുമ്പോൾ മാത്രമാണ് പ്രസ്തുത പ്രക്രിയ പൂർത്തിയാകുന്നുള്ളൂ.

ലൈഫ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലും എഴുതി തയ്യാറാക്കുന്ന രജിസ്റ്ററാണ് സൂക്ഷിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കുന്ന ഈ രജിസ്റ്റർ മോണിറ്ററിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നില്ല. കൂടാതെ പരിശോധനാ ഉദ്യോഗസ്ഥരെ കബളിപ്പിക്കുന്ന രീതിയിൽ രജിസ്റ്ററിലെ പേജുകളിൽ തിരുത്തലുകൾ വരുത്തിയതായും കണ്ടെത്തി. ഒരു സാമ്പത്തിക വർഷം 160000 എന്ന തുക നൽകിയതിനുശേഷം '1' എന്ന സംഖ്യ തിരുത്തി 60000 ആക്കി മാറ്റുകയും പിന്നീട് പ്രസ്തുത ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ 100000 രൂപ കൂടി ക്രെഡിറ്റ് ചെയ്യുകയും ഇയാളിൽ നിന്നും അധികം നൽകിയ തുക കാഷ് ആയി തിരികെ കൈപ്പറ്റുകയും ചെയ്യുന്ന രീതിയിലുള്ള ക്രമക്കേടാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർന്നുവന്നിരുന്നത്. രജിസ്റ്ററുകളിൽ തിരുത്തലുകൾ വരുത്തിയതിന്റെയും തുക തിരികെ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പരാതികളുടെയും രേഖകൾ/ചിത്രങ്ങൾ താഴെ ചേർക്കുന്നു.









1-21-6 ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ

ബാങ്ക് അക്കൗണ്ടിലേക്ക് അധികം അനുവദിച്ച 1.60 ലക്ഷം രൂപ കാഷ് ആയി നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ തിരികെ ആവശ്യപ്പെട്ടതിനെ തുടർന്ന് ശ്രീ ധീരജ്.പി.കെ എന്ന ലൈഫ് ഗുണഭോക്താവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയതിനെത്തുടർന്ന് ബ്ലോക്ക്തലത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ 6,84,050 രൂപയുടെ ക്രമക്കേട് കണ്ടെത്തുകയുണ്ടായി. തുടർന്ന്, പാലക്കാട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 03.10.2022 ലെ ADCPKD/858/2022-D1 നം. ഉത്തരവ് പ്രകാരം ശ്രീ.അമൽരാജ്.ടി.യു, വി.ഇ.ഒ ഗ്രേഡ്-2 എന്നവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിൽ ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതായും പൊതുഫണ്ട് കൈക്കലാക്കിയിട്ടുള്ളതായും പ്രാഥമികമായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ടിയാൻ നടത്തിയ ലൈഫ് ഭവന പദ്ധതിയുടെയും മറ്റ് പദ്ധതികളുടെയും അന്വേഷണം നടത്തി ടിയാനെതിരെ ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.10.22 തീയതിയിലെ കത്ത് നം. 400753/HRDA04/GPO/2022/5186 പ്രകാരം ചാലിശ്ശേരി സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകിയിട്ടുള്ളതാണ്.

ഭരണസമിതിയുടെ 07.10.2022 ലെ 1(1) നം. തീരുമാനം പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പാലക്കാട് മുഖാന്തരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഭരണസമിതിയുടെ 14.11.2022 ലെ 12(1) നം തീരുമാനം പ്രകാരം ആരോപണ വിധേയനായ ഉദ്യോഗസ്ഥനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു: മുഖ്യമന്ത്രി എന്നിവർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആയതിന്മേൽ തുടർ നടപടികൾ

സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ.അമൽരാജ്.ടി.യു 07.04.2018 ലാണ് തൃത്താല ബ്ലോക്കിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ ആയി ജോലിയിൽ പ്രവേശിക്കുന്നത്. 24.05.2011 ൽ സർക്കാർ സർവ്വീസ് ആരംഭിച്ച ഇദ്ദേഹം എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ജോലി ചെയ്തിട്ടുള്ള സമയത്തും സമാനമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുള്ളതും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണെന്ന് തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം അന്വേഷണസംഘത്തിന് നൽകിയ റിപ്പോർട്ടിൽ (കത്ത് നം എ-1876/22 തീയതി 15.10.2022)സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ 2018-19 മുതൽ നാളിതുവരെ ഇദ്ദേഹം നിർവ്വഹണം നടത്തിയിട്ടുള്ള എല്ലാ പദ്ധതികളിലും തുടരന്വേഷണം ആവശ്യമാണെന്ന് വിലയിരുത്തുന്നു.

## 1-21-7 ഓഡിറ്റ് ശുപാർശകൾ

1. മേൽ ഖണ്ഡികകളിൽ പരാമർശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിലെ ലൈഫ് രണ്ടാംഘട്ട പ്രവർത്തനങ്ങളെ പൂർണ്ണമായും ബാധിക്കുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിനെയും സർക്കാരിനെയും ജനങ്ങളെയും കബളിപ്പിച്ച് കൊണ്ടാണ് നിർവ്വഹണോദ്യോഗസ്ഥൻ ക്രമക്കേടുകൾ നടത്തിയിട്ടുള്ളത്. ആയതിനാൽ അനധികൃതമായി ഇദ്ദേഹം കൈപ്പറ്റിയ മുഴുവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കേണ്ടതും ഇദ്ദേഹത്തിനെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതുമാണ്.

2. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻ ഫണ്ടുകൾ ക്രമരഹിതമായി വിതരണം ചെയ്തതും ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് തുക നൽകിയതും സംസ്ഥാന സർക്കാർ വിഹിതം ടോയ്‌ലെറ്റ് നിർമ്മാണം പദ്ധതിക്ക് ഉപയോഗിച്ചതും തുടർന്നുള്ള ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നതിനാൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതിയുടെ സമഗ്രമായ ഒരു റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കാവുന്നതാണ്.

3. ലൈഫ് പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

4. ഓരോ പദ്ധതിയിലും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിക്ക് മാത്രം അതത് പദ്ധതികളുടെ ആനുകൂല്യം നൽകാവുന്ന രീതിയിൽ സോഫ്റ്റ്‌വെയറുകളിൽ മാറ്റം വരുത്തുന്നതിന് ശുപാർശ നൽകാവുന്നതാണ്. കൂടാതെ ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അതത് പദ്ധതികളിൽ നൽകാവുന്ന പരമാവധി തുക മാത്രം നൽകാൻ കഴിയുന്ന തരത്തിലും ക്രമീകരണം ഉണ്ടാകേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 ജലജീവൻ മിഷൻ പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല

പ്രോജക്ട് - 241/22- ജലജീവൻ മിഷൻ പദ്ധതിക്ക് KWA യ്ക്ക് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ- 4850000 (തനത് ഫണ്ട് - 2910000 + മറ്റ് ഫണ്ട് - 1940000)

മേൽ പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക തൻവർഷം ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറവു ചെയ്യുന്നതിനുതകുന്ന വിധത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. വലിയ തുക വകയിരുത്തി ആവിഷ്കരിക്കുന്ന ഇത്തരത്തിലുള്ള പ്രോജക്ടുകൾ പ്രകാരം വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കാൻ ശ്രമം ഉണ്ടാകേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 10(1)/13-3-23 പ്രകാരം ആയതിന്റെ കാരണം ആരാഞ്ഞതിന് വ്യക്തമായ മറുപടി ലഭ്യമായില്ല. ഈ വിഷയത്തിൽ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊ.നം.315/22-ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 200000 (തനത് ഫണ്ട്)

ചെലവ് - 107989 (52100972/4-3-22,22801 രൂപ (പെരുങ്ങോട്), ബിൽ നം.52100987/8-3-22,47115 രൂപ(കുട്ടുപാത), 52101020/18-3-22 , 19671രൂപ (പെരുങ്ങോട്), 52101076/27-3-22,9874രൂപ (കുട്ടുപാത), 52101078/30-3-22,8528രൂപ (പെരുങ്ങോട്)).
വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് ചമയ്ക്കാതെയാണ് തുകകൾ കൈമാറിയിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 10(3)/13-3-23 പ്രകാരം പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല. പ്രവൃത്തികളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതും ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-24 കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

2021-22 വർഷത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ താഴെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

എ) 237/22-ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 117029 (തനത് ഫണ്ട്)

ചെലവ് - 61566 (ബിൽ നം. 52100372/13-8-21,24356രൂപ (KSIT Mission-സ്കാനർ), 52100535/5-10-21,37210രൂപ(JB Power Electronics-UPS)

ലേസർ പ്രിന്റർ, സ്കാനർ എന്നിവ ഒരെണ്ണം വീതം Cprcs പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്.

ബി) 301/22-ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്, അനുബന്ധ സാമഗ്രികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ -300000 (തനത് ഫണ്ട്)

ചെലവ് - 223947 (ബിൽ നം. 52101071/27-3-22 – 89000 രൂപ, 52101072/27-3-22 – 134947രൂപ)

ഒരു സ്കാനറും മൂന്ന് ലാപ്ടോപ്പുകളും GeM പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്.

സർക്കുലർ നം. 86/2020/Fin തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയുടെ വിവരം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകളുടെ മാതൃക നിഷ്കർഷിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 10(3)/13-3-23 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള രജിസ്റ്ററിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ ഹാർഡ്‌വെയറുകളുടെയും സോഫ്റ്റ്‌വെയറുകളുടെയും വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രോജക്ട്-9/22- ഹോമിയോ മരുന്ന് വാങ്ങൽ
അടങ്കൽ-200000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ്- 200000രൂപ
ബിൽ നം- 1/24.1.22
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ആയുർവേദം)

(ഹോമിയോ ഡിസ്പെൻസറിയിൽ NHM മുഖേ നിയമിച്ച മെഡിക്കൽ ഓഫീസർ ആയതിനാൽ ആയുർവേദ ഡോക്ടറാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്)

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ(HOMCO Ltd.) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (A/c No. 34306403913). 30-12-2022 തീയതിയിലെ LF- 1478 ഇൻവോയ്സ് പ്രകാരം 121300 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 78700 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.3/8-3-23) ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

2021-22 വർഷത്തിൽ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ മരാമത്ത് പ്രവൃത്തികളുടെ പൊതുവായ വിലയിരുത്തൽ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-26-1 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 143 പ്രവൃത്തികളിൽ 97 എണ്ണം പൂർത്തീ കരിച്ചിട്ടുണ്ട്. വകയിരുത്തിയ 5.27 കോടി രൂപയിൽ 3.07 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 58% മാത്രമാണ് തൻവർഷത്തെ ചെലവ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് പ്രവൃത്തികൾ - 58%

കെട്ടിടങ്ങൾ - 16%

കുടിവെള്ള പദ്ധതികൾ - 19%

മറ്റ് പ്രവൃത്തികൾ - 7%

32% പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറിയിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷിപ്പ്

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല.

കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് കരാറുകാരുമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും കരാർ കാലാവധിക്കുമുമ്പ് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പല പ്രവൃത്തികളുടേയും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല.

ബില്ലുകളിൽ നിന്നും GST TDS നടത്തിയിട്ടുള്ളത് ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നുമാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് കുറവ് ചെയ്യേണ്ടതെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 6/12-3-23 പ്രകാരം അപാകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വകയിരുത്തുന്ന തുകയുടെ പരമാവധി വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

2. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

3. PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതാണ്.

4. GST TDS നടത്തുന്നത് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണെന്ന് ഉറപ്പാക്കണം.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26-2 ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ചില്ല

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 28665876 | 23728861 | 4937015 | 83 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5535884 | 2893112 | 2642772 | 52 |

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 52% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അങ്കണവാടികൾ, സ്കൂളുകൾ, പി.എച്ച്.സി എന്നിവയുടെ നവീകരണത്തിനായി ആവിഷ്കരിച്ച വിവിധ പ്രോജക്റ്റുകൾ പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടില്ല. മരുന്നു വാങ്ങൽ, ഫർണീച്ചർ വാങ്ങൽ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ടിയിരുന്ന വൈദ്യുതീകരണ പ്രവൃത്തികൾക്കായി റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊ.നം. 323/22 പ്രകാരം 88884 രൂപയും 320/22 പ്രകാരം 90864 രൂപയും വൈദ്യുതീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ ലക്ഷ്യം കൈവരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 6/12-3-23 പ്രകാരം അപാകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

2. മെയിന്റനൻസ് ഗ്രാന്റ് വക മാറ്റാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 45/22 – കൊളച്ചേരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ

അടങ്കൽ - 105000 രൂപ (Scp-100000, തനത്ഫണ്ട്-5000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.ടി.കെ.കുട്ടികൃഷ്ണൻ

എഗ്രിമെന്റ് നം. 72/5-2-2022

അളവു പുസ്തകം നം. 1441/21

ചെലവ് - 100000 (ബിൽ നം. 47/10-7-21)

അളവു പുസ്തകത്തിലെ ഇനം 1 പ്രകാരം നിലവിലുള്ള കുഴൽകിണറിൽ 5 HP യുടെ പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനായി 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. പഴയ മോട്ടോർ എന്തുചെയ്തുവെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിച്ചതായും കാണുന്നില്ല.

മോട്ടോറിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7(1)/12-3-23 ന് രേഖാമൂലം മറുപടി ലഭ്യമായില്ല. മോട്ടോർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് കയ്യൊഴിച്ചിട്ടില്ലെന്നും നേരിട്ട് അറിയിച്ചിട്ടുണ്ട്.

മോട്ടോർ കയ്യൊഴിച്ച് ലഭ്യമാകുന്ന തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കരുവാരപുരം റോഡ് നവീകരണം-ഭാഗികമായി പ്രവൃത്തി നിർവ്വഹിച്ച് ഉപേക്ഷിച്ചു

പ്രോജക്ട് നം. 362/21, 224/22– കരുവാരപുരം റോഡ് നവീകരണം

അടങ്കൽ - 300000 രൂപ (MG-Non Road)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.കെ.പി.സുലൈമാൻ

എഗ്രിമെന്റ് നം. 14/29-7-2021

അളവു പുസ്തകം നം. 1442/21

ചെലവ് - 129392 (ബിൽ നം. 76/27-3-22)

ഫയൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തി ഉപേക്ഷിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ഉപേക്ഷിക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7(2)/12-3-23 ന് മറുപടി ലഭ്യമായില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-29 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ

പാലിച്ചില്ല

2012 ലെ കേരള പി.ഡബ്ള്യ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അത്തരത്തിൽ രണ്ടു തവണ ദീർഘിപ്പിച്ച നൽകാവുന്നതും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധിക്കകം കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള അപേക്ഷ നൽകുകയോ അസി. എഞ്ചിനിയർ കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

